ഉത്തരം

(എ) ചുനക്കര പി. എച്ച്. സി.-യെ സി. എച്ച്. സി. ആക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണത്തിനായി ആർ.സി.എച്ച്., യൂറോപ്യൻ കമ്മീഷൻ തുടങ്ങിയ ഏജൻസികൾ അവർ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ അതാത് ഏജൻസികളുടെ മാനദണ്ഡമനുസരിച്ചുള്ള നവീകരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) ചുനക്കര പി. എച്ച്. സി.യുടെ നവീകരണത്തിന്റെ ഭാഗമായി കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും അധിക തസ്തികകൾ സൃഷ്ടിക്കുവാനുമുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

കോട്ടയത്ത് മഞ്ഞപ്പിത്തം ബാധിച്ച് മരിച്ച ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി

104 [3156] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലും പരിസര പ്രദേശങ്ങളിൽ നിന്നും മഞ്ഞപ്പിത്ത രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടുതുടങ്ങുന്നത് ഏതുവർഷം മുതലാണ്;

(ബി) അന്നുമുതൽ രോഗബാധ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) മെഡിക്കൽ കോളേജിലെ ഡോക്ടർമാർ, വിദ്യാർത്ഥികൾ, ആശുപത്രി സ്റ്റാഫ് എന്നീ ക്രമത്തിൽ മഞ്ഞപ്പിത്ത രോഗബാധയെ തുടർന്ന് ഇതുവരെ എത്രപേർ മരണപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഡി) രോഗനിയന്ത്രണം, രോഗപ്പകർച്ച എന്നിവയെക്കുറിച്ച് പഠിക്കുന്ന കമ്മ്യൂണിറ്റി മെഡിസിൻ, പത്തോളജി, മൈക്രോ ബയോളജി വിഭാഗങ്ങൾ ഈ രോഗബാധയുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങളുടെയും കണ്ടെത്തലുകളുടെയും പൂർണ്ണവിവരം ലഭ്യമാക്കുമോ; അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗങ്ങൾ സംയോജിതമായി പ്രവർത്തിച്ചില്ല എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) രോഗം ബാധിച്ച് മരിച്ച ഡോക്ടർമാരുടെയും മറ്റും കുടുംബത്തിന് സഹായധനം നൽകുന്നതിനെക്കുറിച്ച് തീരുമാനം എടുത്തിട്ടുണ്ടോ?

ഉത്തരം

(എ) 2004 മുതൽ വ്യാപകമായ രീതിയിൽ മഞ്ഞപ്പിത്ത രോഗബാധ റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ അതിനുമുൻപും പലയിടങ്ങളിലും ഈ രോഗം പിടിപ്പെട്ടിരുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) വിവിധ ജില്ലകളിൽ നിന്ന് വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോട്ടയം മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിലെ ഒരു ഡോക്ടർ കൊച്ചി മാതാ അമൃതാനന്ദമയി ആശുപത്രിയിൽവച്ച് മഞ്ഞപ്പിത്തം മൂലം മരണപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സ്ഥാപനത്തിലെ മൈക്രോ ബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജിന്റെ പരിസര പ്രദേശങ്ങളിലുള്ള ജല സ്രോതസ്സുകളിൽനിന്നും ജലം ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി അതിന്റെ റിപ്പോർട്ട് ജില്ലാ മെഡിക്കൽ ആഫീസർക്ക് മേൽ നടപടികൾക്കായി നൽകിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല.

കോട്ടപ്പറമ്പ് ആശുപത്രിയിലെ വിശ്രമ കേന്ദ്രം

105 [3157] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വിശ്രമ കേന്ദ്രം ആരാണ് നടത്തുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സ്വകാര്യ ഏജൻസിയാണ് നടത്തുന്നതെങ്കിൽ എന്തു വ്യവസ്ഥയിലാണ് അവർക്ക് നൽകിയിട്ടുള്ളത്;

(സി) വ്യവസ്ഥയുടെ കാലാവധി കഴിഞ്ഞെങ്കിൽ അത് തിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത വിശ്രമകേന്ദ്രത്തിൽനിന്നും എന്തു വരുമാനമാണ് ഓരോ വർഷവും ആശുപത്രിക്ക് ലഭിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ ആന്റ് ബി) കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോടനുബന്ധിച്ചുള്ള വിശ്രമകേന്ദ്രം മലബാർ ചേംബർ ഓഫ് കൊമേഴ്സ് എന്ന സംഘടനയാണ് നടത്തിവരുന്നത്.

6-4-88-ലെ (ആർ.ടി.) 924/88/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്.

ടി സംഘടന നിർമ്മിച്ച കെട്ടിടം പ്രസ്തുത സംഘടനയുടേതായിരിക്കുമെന്നും ഫീസ് ഈടാക്കുന്നതിനുള്ള അവകാശവും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, ശുചീകരണം എന്നിവയുടെ ഉത്തരവാദിത്വവും ചേംബറിന്റേത് ആയിരിക്കണമെന്നുമുള്ള വ്യവസ്ഥകളോടെയാണ് വിശ്രമകേന്ദ്രം നിർമ്മാണത്തിന് അനുമതി നൽകിയത്. എന്നാൽ കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത ആരോഗ്യവകുപ്പിന്റേതാണ്.

LIBRARY ARCHIVES Kerala Legislative Assembly